V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട്

ശ്രീ. എ. സുജനപാൽ: അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിയഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തമ്പാനൂർ രവി: സർ, ഞാൻ പിന്താങ്ങുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് അംഗീകരിക്കപ്പെട്ടിരിക്കുന്നു.

2. സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(1) കാർഷികമേഖലയിൽ വരുത്തേണ്ട പരിഷ്ക്കാരങ്ങളെ സംബന്ധിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൻമേലുള്ള നടപടികൾ

(ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ 25-7-2003-ൽ അവതരിപ്പിച്ചതും ചർച്ച പൂർത്തിയാക്കാത്തതുമായ പ്രമേയം)

ശ്രീമതി മാലേത്ത് സരളാദേവി: ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അവർകൾ അവതരിപ്പിച്ച ഈ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. 1996 ജനുവരിയിൽ രൂപംകൊണ്ട ലോക വ്യാപാര സംഘടനയായ ഡബ്ലിയു.ടി.ഒ.-യിൽ ഇപ്പോൾ വളരെ പ്രതീക്ഷയോടുകൂടി 142 രാജ്യങ്ങൾ അംഗങ്ങളായി ഉൾപ്പെട്ട് വന്നിരിക്കുകയാണ്. ഈ കരാർ ലോക രാഷ്ട്രങ്ങളുടെ ട്രേഡ് ബന്ധങ്ങളെ മാത്രമല്ല സമസ്ത മേഖലകളേയും സ്വാധീനിക്കുന്നതായിട്ടാണ് ഇന്ന് മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുന്നത്. ഈ സംഘടന 1996-ന് ശേഷം സിങ്കപ്പൂരിലും സിയാറ്റിനിലും ചേർന്ന സമ്മേളനങ്ങൾ എങ്ങും എത്താതെ അലസി പിരിയാൻ ഇടയായി. പ്രധാനമായിട്ട് പിന്നോക്ക രാജ്യങ്ങൾക്ക് ഇത് ദോഷകരവും വികസിത രാഷ്ട്രങ്ങൾക്ക് ഗുണകരവുമായ നിലപാടിലാണ് ഇതിലെ പല കാര്യങ്ങളും എത്തിയിരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ലോക വ്യാപാര കരാർ ഈ കേരളത്തിൽ പല മാറ്റങ്ങളും വരുത്തിക്കൂട്ടാൻ ഇടയായി എന്നുള്ളതുകൊണ്ട് നമ്മുടെ കേരള സർക്കാർ പ്രമുഖ കൃഷി ശാസ്ത്രജ്ഞനും ഡബ്ലിയു.ടി.ഒ. ചെയർമാനും ആയിരുന്ന സ്വാമിനാഥൻ അവർകൾ സമർപ്പിച്ച റിപ്പോർട്ടിലെ കാര്യങ്ങളെക്കുറിച്ച് കൂലംകഷമായി പഠിക്കാനും അതിനെക്കുറിച്ചുള്ള കാര്യങ്ങൾ മനസ്സിലാക്കാനും തീരുമാനിച്ചുകൊണ്ട് നടപടി സ്വീകരിക്കാനുമായിട്ടാണ് മുന്നോട്ട് വന്നിരിക്കുന്നത്. ലോക വ്യാപാര കരാർ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നുള്ളതിന് യാതൊരു സംശയവും ഇല്ല. നമ്മൾ ഇന്ന് കണ്ടെത്തിയിരിക്കുന്ന പല മേഖലകളും കരാറുകൾ വച്ച് നോക്കുമ്പോൾ കേരളത്തെ സംബന്ധിച്ചിടത്തോളം ദോഷകരമായ വിഷയങ്ങൾ സൃഷ്ടിക്കുന്ന പല കൃത്യങ്ങളും അതിനകത്തുണ്ട്. ഈ കരാർ മുഖേന ഉണ്ടാകുന്ന പ്രത്യാഘാതങ്ങളെ കുറച്ചുകൊണ്ട് അതിലെ അനുകൂലമായ വശങ്ങൾക്ക് മുൻതൂക്കം നൽകി ദ്വിമുഖ തന്ത്രങ്ങൾ മെനഞ്ഞെടുത്ത് കേരളത്തെ രക്ഷിക്കാനാണ് നമ്മൾ സമർപ്പിച്ച ഈ കമ്മീഷൻ റിപ്പോർട്ട് ഉദ്ഘോഷിക്കുന്നത്. ആയുർവ്വേദ ഔഷധ സസ്യകൃഷിയിൽ വളരെയധികം കാര്യങ്ങൾ ചെയ്യാൻ നമുക്ക് സാധിക്കും. അതുപോലെ തന്നെ ഭക്ഷ്യരംഗത്ത് ജൈവ സംസ്ക്കരണം

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ സാധിക്കുമെന്ന് നമുക്കറിയാം. ബൗദ്ധികസ്വത്തിന്റെ സംരക്ഷണം ഉണ്ടാകുന്നതു വഴി നേട്ടങ്ങൾ ഉണ്ടാക്കാനും കേരളത്തിന് സാധിക്കും. കാർഷികരംഗത്തെ നിലപാടു കളെക്കുറിച്ച് പറയുകയാണെങ്കിൽ കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. നമ്മളെ സംബന്ധിച്ച് കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കാൻ ഇതുവഴി നമുക്ക് കഴിയേണ്ടിയിരിക്കുന്നു. ആയുർവ്വേദ ഔഷധ സസ്യ കൃഷിയെക്കുറിച്ച് കൂടുതൽ വിശദീകരിക്കുമ്പോഴാണ് നമുക്ക് പല കാര്യങ്ങളും ചെയ്യാൻ സാധിക്കും എന്നു തോന്നുന്നത്. പല നല്ല ഗുണങ്ങളുള്ള ഔഷധ സസ്യങ്ങളും നമ്മുടെ തൊടിയിടങ്ങളിലൊക്കെ ധാരാളമായി വളർന്നു നിൽക്കുന്നുണ്ട്. നാൽപ്പാമരം എന്നു വിശേഷിപ്പിക്കുന്ന അരയാൽ, പേരാൽ, അത്തി, ഇത്തി തുടങ്ങിയ മരങ്ങൾ യാതൊരു വിധമായ പരിഗണനയും ഇല്ലാതെ ഇന്ന് പാഴ്മരങ്ങളുടെ ഇടയിൽ നമ്മുടെയൊക്കെ വീടുകളുടെ പരിസരങ്ങളിലും പറമ്പിലും കാണാം. ഇവയെ സംരക്ഷിക്കു ന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ ആയുർവ്വേദ ഔഷധ ചെടികൾ വളർത്തുന്ന പാർക്കുകൾ ഉണ്ടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നമുക്ക് മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ആയുർവ്വേദ ഔഷധ ഗുണമുള്ള, നമ്മളൊക്കെ ഏറ്റവും ഇഷ്ടപ്പെടുന്ന നവരനെല്ല് കൃഷി ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. ഈ കൃഷി നമുക്ക് ഗുണകരമായിട്ട് നടത്താനാകും. അതുപോലെ ലോക വ്യാപാര കരാർ സംസ്ഥാനത്തെ കാർഷിക മേഖലയിൽ വളരെയധികം പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഈ കരാറുമായി ബന്ധപ്പെട്ട് ഇവിടെ ഈ സമ്മേളനങ്ങളിൽ പങ്കെടുക്കുന്ന പിന്നോക്ക രാഷ്ട്രങ്ങളിൽ ഉൾപ്പെട്ടതാണ് നമ്മുടെ ഇന്ത്യ. നമ്മുടെ കേന്ദ്ര വാണിജ്യ മന്ത്രി തന്നെ അവിടെ ചെന്നപ്പോൾ അദ്ദേഹം കൂടുതൽ പ്രതീക്ഷയോടുകൂടി ചെന്നു എങ്കിലും ഒന്നും നേടാതെ നിരാശയോടുകൂടിയാണ് മടങ്ങി എത്തിയിരിക്കുന്നത്. അതിൽ ഇന്ത്യ ഏറ്റെടുത്തിരിക്കുന്ന നിലപാടുകളും കേരളത്തെ ദോഷകരമായി ബാധിക്കുന്നു. മൂക്ഷമായ പ്രതിസന്ധിയിലാണ് നമ്മുടെ കർഷകർ, നമ്മുടെ കാലാവസ്ഥയിൽ മുഴുവൻ മാറ്റം വന്നിരിക്കുകയാണ്. വനങ്ങ ളൊക്കെ വെട്ടിത്തെളിച്ചുകൊണ്ട് കാലാവസ്ഥയെ നിയന്ത്രിക്കുന്ന ഘടകങ്ങളായ വനങ്ങൾ ഇല്ലാതായതുകൊണ്ട് നമ്മുടെ കാലാവസ്ഥയ്ക്ക് മാറ്റം വരികയും കർഷകർ ആത്മഹത്യ ചെയ്തു കൊണ്ടിരിക്കുന്നതുവരെയുള്ള അവസ്ഥ നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയെ രക്ഷിക്കേണ്ടിയിരിക്കുന്നു. അതുപോലെ നമ്മുടെ ഏറ്റവും പ്രധാന ഉൽപ്പന്ന ങ്ങളായ റബ്ബറും തെങ്ങുമൊക്കെ കാർഷിക വിഭവങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്താതെ യാണിരിക്കുന്നത്. ഇവ രണ്ടും തീർച്ചയായിട്ടും കാർഷിക വിഭവങ്ങളായി പ്രഖ്യാപിക്കേ ണ്ടിയിരിക്കുന്നു. അതുപോലെ ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിയിൽ നമ്മൾ സൂക്ഷിച്ചി ല്ലെങ്കിൽ വെളിച്ചെണ്ണ വില റെക്കോർഡ് വിലയിൽ തകരാൻ ഇടയാകും. അതും ഇവിടത്തെ കർഷകരെ ഞെട്ടിപ്പിക്കുന്നതാണ്. സോയാബീൻ എണ്ണയുടെ ഇറക്കുമതി 45% വരെ പരിമിതപ്പെടുത്തിയിരിക്കുന്നു. അങ്ങനെയുള്ള കാര്യങ്ങളിൽ നമ്മൾ കർഷകരുടെ ഉപജീവന മാർഗ്ഗം സംരക്ഷിക്കാൻ കാർഷികവൃത്തിയെ സംരക്ഷിക്കാൻ, ഈ കരാറുമായി ബന്ധപ്പെട്ട് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന എല്ലാ കാര്യങ്ങളും വളരെയധികം പ്രാധാന്യത്തോടെ നമ്മൾ കാണേണ്ടിയിരിക്കുന്നു. ജൈവ ഭക്ഷ്യ സംരക്ഷണത്തിൽ ഉൾപ്പെട്ട നവര നെല്ലിനെപ്പോലുള്ള ബൗദ്ധികമായ സ്വത്തുക്കൾ നമ്മൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കേരളത്തിന്റെ തനതായ രീതിയിൽ ഇതിന്റെ ഉൽപ്പാദനം ഉയർത്തി ക്കൊണ്ടുവരണം. ലോക വ്യാപാര കരാറിന്റെ ദോഷവശങ്ങളെ ഇല്ലാതാക്കി തന്ത്രപരമായ നീക്കത്തിൽ കേരളത്തെ രക്ഷിച്ചെടുക്കാനുമൊക്കെയായിട്ടാണ് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൽ കാര്യങ്ങൾ സവിസ്തരം പ്രതിപാദിച്ചിരിക്കുന്നത്. കഴിഞ്ഞ ദോഹ സമ്മേളനത്തിൽ പ്രത്യേകിച്ചും പറഞ്ഞിരിക്കുന്ന കാര്യങ്ങളിൽ, ആരോഗ്യപരമായ കാര്യങ്ങളിൽ എന്തെല്ലാം ചെയ്യാൻ കഴിയും എന്ന് പരിശോധിക്കേണ്ടതുണ്ട്. ഒരു ജനതയെ സംബന്ധിച്ചിടത്തോളം അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

അവരുടെ ആരോഗ്യപരമായ കാര്യങ്ങളിൽ ഏറ്റവും കൂടുതൽ കാര്യക്ഷമത കാണിക്കേണ്ടിയിരിക്കുന്നു. ആരോഗ്യപരമായ കാര്യങ്ങളെക്കുറിച്ച് പറയുമ്പോഴാണ്, ഏതെങ്കിലും രോഗബാധ ദേശീയ ദുരന്തമായി പരിണമിച്ചാൽ ബന്ധപ്പെട്ട രാജ്യത്തിന് ആവശ്യമായ മരുന്നുകൾ നിർമ്മിക്കാമെന്ന ആനുകൂല്യം. ആ മരുന്നുകളുടെ പേറ്റന്റ് ചട്ടങ്ങളിൽ നേരിയ ഇളവു വരുത്തി ദോഹാ സമ്മേളനം അനുവദിച്ചിട്ടുണ്ട്. വികസിത രാജ്യമായ അമേരിക്കയിൽ ആന്ത്രാക്സ് രോഗം പടർന്നു പിടിച്ചപ്പോൾ ഭീതിജനകമായ അവസ്ഥാവിശേഷം ഉണ്ടായി. എയ്ഡ്സ് നേരിടുന്ന ദക്ഷിണാഫ്രിക്ക പോലെയുള്ള രാജ്യങ്ങൾക്ക് ഏതെങ്കിലും രോഗബാധ ദേശീയ ദുരന്തമായി വരുമ്പോൾ രാജ്യത്തിനാവശ്യമായ മരുന്നുകൾ നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം കിട്ടേണ്ടത് വളരെയധികം അനിവാര്യമായിത്തീർന്നു. അതുകൊണ്ട് പേറ്റന്റ് നിയമങ്ങൾ അവരൊക്കെ ലംഘിക്കുകയുണ്ടായി. ചെറിയ ചെറിയ ആനുകൂല്യങ്ങൾ മാത്രമേ ഈ ലോക വ്യാപാര സംഘടനയുമായി ബന്ധപ്പെട്ട് ഇന്ത്യയെപ്പോലുള്ള പിന്നോക്കം നില്ക്കുന്ന രാഷ്ട്രങ്ങൾക്ക് കിട്ടുകയുള്ളൂ. അതുകൊണ്ട് ഈ വ്യാപാര കരാറിനെ ചെറുത്തു നിർത്തണം. കേരളത്തിന്റെ ആവശ്യങ്ങൾ ദ്വിമുഖ തന്ത്രത്തിൽക്കൂടി മുന്നോട്ടു കൊണ്ടുവരുവാനും ഒക്കെയായിട്ട് സ്വാമിനാഥൻ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ എല്ലാ കാര്യങ്ങളും നടപ്പിലാക്കിച്ച് സർവ്വതോന്മുഖമായ പരിഷ്ക്കരണ പ്രതിഭാസങ്ങൾകൊണ്ട് കൊച്ചു കേരളത്തെ രക്ഷിച്ചെടുക്കുന്നതിനുള്ള തന്ത്രങ്ങൾ മെനഞ്ഞെടുക്കാൻ വളരെയധികം മുന്നോട്ട് വന്നിട്ടുണ്ട് എന്ന കാരണത്താൽ ഞാൻ ഒരിക്കൽക്കൂടി ഈ പ്രമേയത്തെ പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. നമ്മുടെ സഭ ഇത് ഏകകണ്ഠമായി അംഗീകരിക്കണം എന്നാണ് എന്റെ അഭിപ്രായം. കാരണം, വളരെ കാലിക
11 A. M.] പ്രാധാന്യമുള്ള കേരളത്തിന്റെ രക്ഷയ്ക്കുതകുന്ന ഒരു പ്രമേയമാണ് ഇവിടെ അവതരിപ്പിച്ചത്. ഈ പ്രമേയം അംഗീകരിച്ച്, നമ്മുടെ മുഖ്യമന്ത്രിയും അതുപോലെത്തന്നെ കൃഷിമന്ത്രിയും കേന്ദ്രത്തിൽ പോയി ഇന്ത്യയുടെ പ്രധാനമന്ത്രിയേയും കൃഷിമന്ത്രിയേയും കോമേഴ്സ് മിനിസ്റ്ററേയും ഒക്കെ കണ്ടാൽ മാത്രമേ ഈ കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിക്കൊടുക്കാൻ പറ്റൂ. കേരളത്തെ സംബന്ധിച്ചിടത്തോളം, ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഒക്കെ ഈ ഡബ്ലിയു.ടി.ഒ. കരാറും ആഗോളവൽക്കരണവും ഉദാരവൽക്കരണവുമൊക്കെ ഉണ്ടാക്കിയ ഭീതിജനകമായ സാഹചര്യത്തിൽ നിന്ന് അതിനെ ഫലപ്രദമായി ചെറുക്കാനും അതിന്റെ ഗുണവശങ്ങളെ സ്വാംശീകരിക്കാനും അതിലെ തെറ്റായ വശങ്ങൾ നമ്മുടെ സമൂഹത്തിലുണ്ടാക്കിയ ഗുരുതരമായ പ്രത്യാഘാതങ്ങളെ ചെറുക്കാനുമുള്ള അവബോധത്തിൽ മുന്നോട്ടു വന്നത് സംസ്ഥാന സർക്കാരാണ്. ഇതിന് നേതൃത്വപരമായ പങ്കു വഹിച്ച മുഖ്യമന്ത്രിയേയും കേരളത്തിലെ യു.ഡി.എഫ്. സർക്കാരിനേയും ഞാൻ അഭിനന്ദിക്കുകയാണ്. നമ്മുടെ ജനസംഖ്യ 100 കോടി കവിഞ്ഞിരിക്കുന്നു. ആഗോളവൽക്കരണവും സ്വകാര്യവൽക്കരണവും ഡബ്ലിയു.ടി.ഒ. കരാറുമൊക്കെ ഇവിടത്തെ കൃഷിക്കാരുടെയും തൊഴിലാളികളുടെയും നിത്യജീവിതത്തെ തകർക്കുന്ന രീതിയിലുള്ള പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കിയത്. ആഗോളവൽക്കരണത്തിന്റെ ഫലമായി നാണയപ്പെരുപ്പം വർദ്ധിച്ചു. ലക്ഷക്കണക്കിന് തൊഴിലാളികൾ തൊഴിൽരഹിതരായി. ലോകത്തിലെ ഏറ്റവും വലിയ ദേശീയ മുതൽ മുടക്കാണ് ഇന്ത്യയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ. ആ പൊതു മേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി വിറ്റഴിച്ചുകൊണ്ടിരിക്കുകയാണ്. ബാൽക്കോ, അതുപോലെ തന്നെ മോഡേൺ ബ്രെഡ് ഒക്കെ ഇതിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ്. അതുപോലെ ഈ രംഗത്ത്, ഈ പൊതുമേഖലാ സ്ഥാപനങ്ങൾ പൂട്ടുമ്പോൾ പുതുതായി വ്യവസായങ്ങൾ വരികയാണ്. ഈ വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ സംവരണമില്ല. ഈ വ്യവസായങ്ങളിൽ ദളിത്-പിന്നോക്കക്കാർക്ക് അർഹമായ പ്രാതിനിധ്യമില്ല. അവിടെ വർക്ക് സ്റ്റഡി നടത്തുകയാണ്. അതുപോലെതന്നെ ഇവിടെ മാനേജ്മെന്റ് സ്റ്റഡി നടത്തുകയാണ്. ഇത് പൂർത്തീകരിക്കുമ്പോൾ സമൂഹത്തിലെ പുറമ്പോക്കിൽ കിടക്കുന്ന ദളിത്-പിന്നോക്ക ജീവനക്കാരുടെ സംവരണമാണ് പുതുതായി ഉണ്ടാകുന്ന ഫാക്ടറികളിൽ നിഷേധിക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ഇവിടെ ഏതെങ്കിലും ഫാക്ടറിക്ക് അനുമതി കൊടുക്കുമ്പോൾ, ആ രംഗത്തേയ്ക്കുള്ള കർശനമായ നിയന്ത്രണവും ശ്രദ്ധയും സംസ്ഥാന സർക്കാരിനുണ്ടാകണം. നമ്മുടെ രാജ്യത്ത് 22 ലക്ഷത്തോളമായിരുന്നു പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ. ഇന്ന് അത് 18 ലക്ഷമായി ചുരുങ്ങി. അതുപോലെ നമ്മുടെ തൊഴിൽ ദിനങ്ങളുടെ എണ്ണവും കേരളത്തിലും ഇന്ത്യയിലും കുറയുകയാണ്. മഹാരാഷ്ട്രയിലെ കോൺഗ്രസ്സ് സർക്കാർ ഇതിനെതിരായി ശക്തമായ ഒരു നടപടി എടുത്തു. നമ്മുടെ ഗ്രാമീണ മേഖലയിലെ പാവപ്പെട്ടവർക്ക് തൊഴിൽ കൊടുക്കാനുണ്ടാക്കിയിട്ടുള്ള ആർ.എൽ.ഇ.ജി.പി. അതുപോലെതന്നെ ജി.എസ്.ആർ.വൈ. അതുപോലെയുള്ള ഒരുപാട് പരിപാടികൾ—ഫ്ളഡ് റീലീഫിനുള്ള പരിപാടികൾ, ഡ്രോട്ട് റിലീഫിനുള്ള പരിപാടികൾ എന്നിവ ഉണ്ട്. മഹാരാഷ്ട്ര സർക്കാർ ഉണ്ടാക്കിയ ഒരു പദ്ധതിയാണ് Employment Guarantee Scheme. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെയുണ്ട്. ഞാൻ ഒരു കാര്യം അഭ്യർത്ഥിക്കുകയാണ്. നമ്മുടെ ഗ്രാമീണ ജനവിഭാഗത്തിന് തൊഴിൽ കൊടുക്കാനുള്ള ഒരു Employment Guarantee Scheme-നെക്കുറിച്ച് ആലോചിക്കണം. മഹാരാഷ്ട്ര കോൺഗ്രസ്സ് ഗവൺമെന്റ് ഉണ്ടാക്കിയ മാതൃകയിൽ കേരളത്തിൽ കോൺഗ്രസ്സിന് മുൻതൂക്കമുള്ള യു.ഡി.എഫ്. തന്നെ, സജീവമായി പരിഗണിച്ചാൽ മാത്രമേ കേരളത്തിലെ ഗ്രാമങ്ങളെ തൊഴിലില്ലായ്മയിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിയൂ. കാർഷിക മേഖല തകർന്നിരിക്കുന്നു. സർ, ഞാനൊരു കൃഷിക്കാരനാണ്. എന്റെ തെങ്ങിന്റെ ചുവടടക്കം ഈ വർഷം കിളച്ചതാണ്. രാസവള വിമുക്തമായ രീതിയിലുള്ള ഒരു കൃഷി പരീക്ഷിച്ചു നോക്കുകയാണ് ഞാൻ. നാലു തേങ്ങയുടെ മുകളിൽ നാല് അച്ചിങ്ങ പിടിക്കണമെങ്കിൽ പൊട്ടാഷ് ഇടണം; അതുപോലെ തന്നെ മസൂറിഫോസ് ഇടണം; യൂറിയ ഇടണം. എന്നാലേ അച്ചിങ്ങ പിടിക്കൂ. നമ്മുടെ പരമ്പരാഗതമായ മണ്ണാക്കെ മരിച്ചിരിക്കുന്നു. ഇനി മണ്ണിനെ ജീവൻ വയ്പ്പിക്കണമെങ്കിൽ, ചാണകമിടണമെങ്കിൽ, തോലിടണമെങ്കിൽ, മരത്തിന്റെ ഇലകളിടണമെങ്കിൽ സ്വാഭാവികമായും

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

വലിയ ചെലവാണ് വരുന്നത്. 2005-ൽ എക്കോരീതിയിലുള്ള കാർഷികോൽപ്പന്നങ്ങൾ നമ്മുടെ നാട് കയറ്റുമതി ചെയ്യാൻ പോകുകയാണ്. പക്ഷേ നമ്മുടെ നാട്ടിലെ കൃഷി ഇന്നും രാസവളാധിഷ്ഠിതമാണ്. അതുകൊണ്ടുതന്നെ കൃഷി ഡിപ്പാർട്ടുമെന്റ് ഈ രംഗത്ത് സജീവമാകണം. കൃഷി ഡിപ്പാർട്ടുമെന്റ് സജീവമാകുന്നതിന്റെ ഭാഗമായി നമ്മുടെ നാട്ടിൽ പ്രധാനമായും എക്കോ രീതിയിലുള്ള പ്രകൃതിദത്തമായ വളങ്ങൾ ഉപയോഗിക്കുന്ന കൃഷിക്കുവേണ്ടി പ്രത്യേക പ്രോജക്ടുകൾ ഉണ്ടാക്കിയാൽ മാത്രമേ 2005-ലെ കാർഷികപരമായ കയറ്റുമതി പ്രശ്നം നേരിടാൻ കഴിയൂ. രാസവളമിടുന്ന കൃഷികളിലുള്ള ഉത്പന്നങ്ങൾ വമ്പിച്ച തിളക്കമാർന്നതാണെങ്കിൽ ജൈവകൃഷിയിലുള്ള ഉത്പന്നങ്ങളൊക്കെ നമ്മൾ ഇനി ഉത്പാദിപ്പിച്ചു തുടങ്ങുകയാണെങ്കിൽ, ശോഷിച്ചവയായിരിക്കും എന്നാൽ രുചികരമായിരിക്കും. പക്ഷേ ആകർഷണീയമായിരിക്കില്ല. അതുകൊണ്ടുതന്നെ ജൈവവളം ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്ന കൃഷിയുടെ ഉത്പന്നങ്ങൾക്ക് പ്രത്യേകമായ ബ്രാൻഡ് ഉണ്ടാകണം. അതുപോലെതന്നെ നാളികേരകൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരതിൽ ചെലവാക്കുന്ന കാശ് അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

തിരിച്ചുകിട്ടുന്നില്ല. അതുകൊണ്ടുതന്നെ, സ്വാമിനാഥൻ കമ്മീഷന്റെ ഒരു നിർദ്ദേശപ്രകാരം കേരളത്തിൽ വ്യാപകമായി ചെറുകിട കൃഷിക്കാരെ ഓരോ മേഖലകളിലും യോജിപ്പിച്ചു കൊണ്ടുള്ള കോക്കനട്ട് എസ്റ്റേറ്റുകൾ ഉണ്ടാക്കണം. ഈ കരാർ ഉണ്ടാക്കിയ കാലഘട്ടത്തിൽ കേന്ദ്രത്തിൽ ചതുരാനനൻമിശ്ര മന്ത്രിയായ കാലത്ത് കിട്ടിയ ഒരു കിലോ റബ്ബറിന്റെ വില 22 രൂപ ആണെങ്കിൽ ഇന്ന് അത് കുറെ വർദ്ധിച്ചിട്ടുണ്ട്. പക്ഷേ ഇടയ്ക്കിടയ്ക്ക് റബ്ബറിന്റെ വില താഴേയ്ക്ക് വരികയാണ്. അത് തീർച്ചയായിട്ടും പ്രശ്നങ്ങളുണ്ടാക്കും. അതുപോലെതന്നെ നമ്മുടെ അറബികൾ.....

<u>ശ്രീ. തന്വാനൂർ രവി:</u> സർ, കേരളത്തിലെ നാണ്യവിളകൾക്കും കാർഷിക വിളകൾക്കും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വളരെ വിലയിടിവ് ഉണ്ടായത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കാർഷിക രംഗത്തു കാണിച്ച പ്രത്യേകമായ താൽപ്പര്യവും ശ്രദ്ധയുംമൂലം നാണ്യവിളകൾക്ക് കൂടുതൽ വില കിട്ടുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> സർ, നിസ്സാരമായ ഒരു വസ്തുവിന് നമ്മുടെ നാട്ടിൽ തൃണം (പുല്ല്) എന്നാണു പറയുന്നത്. 'പുല്ലാണേ പുല്ലാണേ' എന്നുപറയും. അതുപോലെയായിരുന്നു നാളികേരത്തിന്റെ അവസ്ഥ. ഒന്നേ മുക്കാൽ രൂപയായി നമ്മുടെ നാളികേരത്തിന്റെ വില കുറഞ്ഞു. 'തേങ്ങയാണേ തേങ്ങയാണേ' എന്ന പദം പുല്ലിനുപകരം കേരളത്തിൽ വന്നു. അതുപോലെ.....

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി:</u> സർ, ഇവിടെ തേങ്ങയെക്കുറിച്ചുള്ള, കാർഷികോൽപ്പന്നങ്ങളെക്കുറിച്ചുള്ള സംസാരമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇവിടെ പെപ്സി, കൊക്കകോള അടക്കമുള്ള 14 പാനീയങ്ങളിൽ വിഷാംശമുണ്ട് എന്നുള്ള C.S.E. യുടെ പഠന റിപ്പോർട്ട് പുറത്തുവന്നിരിക്കുകയാണ്. സ്വാഭാവികമായും പാർലമെന്റിൽ ഇത് നിരോധിച്ചുകൊണ്ടുള്ള തീരുമാനം എടുക്കുകയും ഇത് വിൽക്കാൻ പാടില്ല എന്നു പറയുകയും ചെയ്തു. തെങ്ങിന്റെ നാടായ കേരളത്തെ സംബന്ധിച്ച് ഏറ്റവും നല്ല അവസരമാണ് ഇത്. കരിക്കിന് ഇടക്കാലത്ത് വലിയ പ്രചാരം ലഭ്യമായി. നമ്മുടെ യാത്രാവേളകളിലൊക്കെ റോഡുകളിൽ ലഭിക്കത്തക്കവണ്ണമുള്ള ക്രമീകരണങ്ങൾ പലയിടത്തും കാണുന്നുണ്ട്. ഈ അവസരം ഉപയോഗിച്ചുകൊണ്ട് പെപ്സി, കൊക്കകോള തുടങ്ങിയ പാനീയങ്ങളിൽ വിഷാംശമുണ്ട് എന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ സ്ഥിതിവിശേഷം അനുകൂലമാക്കിക്കൊണ്ട് കരിക്ക് വിൽപ്പന വ്യാപകമാക്കാൻ, വിമാനത്താവളത്തിലടക്കം, നിയമസഭാ മന്ദിരത്തിലടക്കം, നമ്മുടെ കാന്റീനിൽ ഇതിനുള്ള ക്രമീകരണങ്ങൾ ചെയ്യാൻ കഴിയും. അങ്ങനെ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊണ്ട് കരിക്ക് ഒരു പാനീയം എന്നുള്ള നിലയിൽ ഉപയോഗിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> സർ, നമ്മുടെ നാട്ടിലാണ് രോഗികളുടെ ക്ഷീണം മാറ്റാൻ ഗ്ലൂക്കോസ് ഉപയോഗിക്കുന്നത്. ശ്രീലങ്ക പോലെയുള്ള രാജ്യങ്ങളിൽ ഗ്ലൂക്കോസിന് ബദലായി രോഗികളുടെ ശരീരത്തിലേക്ക് കുത്തിക്കയറ്റുന്നത് ഇളനീരാണ്. അത്രയധികം ഇളനീരിന് ശ്രീലങ്കയിൽ പ്രാധാന്യം കൊടുക്കുന്നുണ്ട്. ഒരു കുപ്പി പെപ്സി കുടിച്ചാൽ, ഒരു കുപ്പി കൊക്കകോള കുടിച്ചാൽ, അതിന്റെ കേടു മാറാൻ 44 ഗ്ലാസ് വെള്ളം കുടിക്കണമെന്ന യാഥാർത്ഥ്യം വളരെ വർഷങ്ങൾക്കുമുമ്പ് തിരിച്ചറിഞ്ഞ് ജീവിതത്തിൽ രണ്ടോ മൂന്നോ തവണ മാത്രമാണ് ആ സാധനം എന്റെ തൊള്ളയിലേക്ക് ഒഴിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ഞാൻ എല്ലാക്കാലത്തും പെപ്സി കുടിക്കാത്ത, കൊക്കകോള കുടിക്കാത്ത ഒരാളാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. ശക്തൻ: ബഹുമാനപ്പെട്ട മെമ്പർ, കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പല തെങ്ങിൻ തോട്ടങ്ങളിലും ആർക്കുവേണമെങ്കിലും തെങ്ങിൽ നിന്ന് തേങ്ങ ഇടുവിച്ചുകൊണ്ടുപോകാം എന്ന് ബോർഡ് എഴുതിവച്ചിരുന്നത് അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? അഞ്ച് കിലോ തേങ്ങ കൊടുത്താൽ ഒരു കിലോ മാങ്ങ കിട്ടാത്ത സ്ഥിതി വിശേഷം ഉണ്ടായിരുന്നത് അറിയാമോ?

ശ്രീ. കളത്തിൽ അബ്ദുള്ള: ഇന്ന് പത്ത് രൂപ വരെ.....

ശ്രീ. എം. എ. വാഹീദ്: സർ, ഇന്ന് കൊക്കകോളയുടെ വിഷാംശത്തെക്കുറിച്ച് പറഞ്ഞല്ലോ, കൊക്കകോള കുടിച്ചാലുള്ള വിഷം മാറുന്നതിനുവേണ്ടി പാറശ്ശാല ഭാഗത്തെല്ലാം പനങ്കള്ള് കുടിച്ചാണ് അതിന്റെ വിഷാംശം മാറ്റുന്നത് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ? ഇതിന്റെ വൈദ്യശാസ്ത്രപരമായ കാര്യങ്ങൾ ഇപ്പോൾ ഇരിക്കുന്ന ചെയറിനറിയാം എന്നുള്ളതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ആവശ്യപ്പെട്ടാൽ അതുംകൂടി.....

ശ്രീ. കളത്തിൽ അബ്ദുള്ള: ഞാനിത് പറയുന്നത്, കള്ളിന്റെ രുചി എനിക്കറിയില്ല, പാരായത്തിന്റെ രുചി അറിയില്ല. ഞാനിത് എന്താണെന്നു കണ്ടിട്ടില്ല. ജീവിതത്തിൽ ഒരിക്കൽപ്പോലും മദ്യം രുചിച്ചു നോക്കാത്ത ഒരു വ്യക്തിയാണ് ഞാൻ. എന്റെ രക്തം പരിശോധിച്ചാൽ ആൽക്കഹോളിന്റെ ഒരംശവും കാണില്ല. കാരണം, സ്വഭാവികമായും എന്നെ സംബന്ധിച്ചിടത്തോളം ഞാൻ കള്ളിന്റെ ഗുണഗണങ്ങളെക്കുറിച്ച് പരാമർശിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ പെപ്സി, കൊക്കകോള, മിരൻഡ, ഇതൊക്കെ വളരെ മോശപ്പെട്ട പാനീയങ്ങളാണ്. നമ്മൾ ആദ്യം ആഗോളവൽക്കരണത്തിനും ഉദാരവൽക്കരണത്തിനുമെതിരെ പോരാടേണ്ടത് നമ്മുടെ ആത്മാവിലൂടെയാണ്. നമ്മുടെ ശരീരത്തിലൂടെയാണ്. പ്രസംഗമാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്. സ്വന്തം ഹിതം അനുസരിച്ച് ഉപയോഗിക്കുക, എന്നിട്ട് ഇതിനെതിരായി പ്രസംഗിക്കുക. സ്വന്തം മക്കളെ സ്വാശ്രയ കോളേജിലേക്ക് അയയ്ക്കുക എന്നിട്ട് ഇതിനെതിരായി പ്രസംഗിക്കുക. പ്രസംഗത്തിൽ മാത്രം മുന്നിൽ, പ്രവർത്തനത്തിൽ അതില്ല. പ്രസംഗമല്ല സംസ്ക്കാരം, അനുഷ്ഠാനമാണ് സംസ്ക്കാരം. കൊക്കകോളയ്ക്കും പെപ്സിക്കുമെതിരായി സ്വാഭാവികമായും ഇവിടെ നടക്കുന്ന എല്ലാ മൂവ്മെന്റും സ്വാഗതാർഹമാണ്. പക്ഷേ നാളികേര കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവർ തകർച്ചയിലാണ്. ഇനിയെങ്കിലും അവരെ രക്ഷപ്പെടുത്താൻ ജൈവവള അധിഷ്ഠിതമായ രീതിയിൽ പോകണം.

എന്റെ നിയോജകമണ്ഡലത്തിലെ ഒരു നാഷണൽ പാർക്കാണ് സൈലന്റ് വാലി. അപൂർവ്വ സസ്യജാലങ്ങളും അപൂർവ്വമായ വസ്തുക്കളുമുള്ള ഒരു പ്രദേശമാണ് സൈലന്റ് വാലി വിദേശികൾ വന്ന് അവിടെ നിന്ന് പല അമൂല്യമായ സസ്യശേഖരവും വർഷങ്ങൾക്കുമുമ്പ്, ഇത് നാഷണൽ പാർക്കായി പ്രഖ്യാപിക്കുന്നതിന് മുമ്പ്, മോഷ്ടിച്ചു കൊണ്ടുപോയിരുന്നു. വെള്ളക്കാരായ സായിപ്പുമാർ മുക്കാലിയിൽ വന്ന്, സൈലന്റ് വാലിയിലേക്ക് ജീപ്പ് പിടിച്ച്, പറയുന്ന കാശും കൊടുത്ത് അവിടെ വന്ന് ഇത് കൊണ്ടുപോയിരുന്ന ഒരു കാലഘട്ടമുണ്ട്. പക്ഷേ ഇന്ന് അത് നാഷണൽ പാർക്കായതോടുകൂടി സംസ്ഥാന ഗവൺമെന്റിന്റെ കണ്ണ് വന്നു, കേന്ദ്രഗവൺമെന്റിന്റെ കണ്ണ് വന്നു. ഈ പ്രദേശങ്ങളുടെ സമീപത്ത് ധാരാളം ഗിരിവർഗ്ഗ പ്രദേശങ്ങളുണ്ട്. ഗിരിവർഗ്ഗ വിഭാഗക്കാർ അവിടെ താമസിക്കുന്നുണ്ട്. ഗിരിവർഗ്ഗക്കാരുടെ മേഖലയിലൊക്കെ പട്ടിണിയുണ്ട്, ദാരിദ്ര്യമുണ്ട് എന്നു

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു. ഇതിന് പ്രാക്ടിക്കലായ ഒരു പരിപാടി, സിലിക്കൺ വാലി മോഡലിൽ ഒരു ഹെർബൽവാലി, സൈലന്റ് വാലി മുതൽ നിലമ്പൂർ വരെ നീലഗിരി biosphere-ൽ ഉൾപ്പെട്ട സൈലന്റ് വാലി, വണ്ടൂർ അതുപോലെതന്നെ നിലമ്പൂർ നിയോജകമണ്ഡലങ്ങൾ, ഗൂഡല്ലൂർ വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി കേരള സർക്കാർ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് പ്രകാരമുള്ള ഒരു പ്രോജക്ടിന് അംഗീകാരം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് അതുപോലെതന്നെ പച്ചില....

ശ്രീ. കെ. കെ. ഷാജു: ഇവിടെ ഡബ്ലിയു.ടി.ഒ. കരാറിന്റെ അനന്തരഫലങ്ങളെ സംബന്ധിച്ചും അതിന്റെ ഗുണങ്ങളെയും ദോഷങ്ങളെയും സംബന്ധിച്ചുള്ള ചർച്ചകളാണല്ലോ നടക്കുന്നത്. സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്നുള്ള പ്രമേയമാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. ഇവിടെ സൈലന്റ് വാലി പദ്ധതിയെ സംബന്ധിച്ചൊക്കെ പറഞ്ഞു. ഇവിടെ Virtual University ആരംഭിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളതായി ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും അതിന്റെ നടപടിക്രമങ്ങൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുകയും ചെയ്യുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ അബ്ദുള്ള: തീർച്ചയായും. Virtual University തീർച്ചയായും ഗുണപ്രദമായ കാര്യമാണ്. ഞാൻ സൂചിപ്പിക്കാൻ പോകുന്ന മറ്റൊരു കാര്യം സൈവന്റ് വാലി ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നമ്മുടെ സോഫ്ട് വെയർ, ഹാർഡ്വെയർ ഒക്കെ ഉൽപ്പാദിപ്പിച്ച് കമ്പ്യൂട്ടർ മേഖലയെ ബന്ധപ്പെടുത്തികൊണ്ടുള്ള സിലിക്കൺവാലി പോലെ കേരളത്തിൽ വിപുലമായ ഒരു ഹെർബൽവാലി പ്രോജക്റ്റിനെക്കുറിച്ച് തീർച്ചയായും കേരള ഗവൺമെന്റ് ആലോചിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ റബ്ബറിന്റെ.....

ശ്രീ ഏ. കേ. മണി: மதிப்பிற்குரிய மெம்பர் WTO-வின் அடிஸ்தானத்திலே உள்ளடி முதல் வயநாடு, அட்டப்பாடி போன்ற பகுதிகளில் தென்னை விவசாயம் செய்யவேண்டும் என்று சொன்னீர்கள். தென்னை, கொக்கோ போன்ற விவசாயங்களைக்காட்டிலும் மலையோர பகுதியில் மூணார், பீருமேடு, உடும்பஞ்சோலை போன்ற பகுதியில் எல்லாம் தேயிலை உற்பத்தி செய்யப்படுகிறது. எனக்கு தேயிலைப் பற்றி நன்றாக தெரியும். தேயிலை உற்பத்தி குறையவும், தேயிலையின் விலையும் வெகுவாக குறைந்து விட்டது. அதனால் கிட்டத்தட்ட 3 லட்சம் தோட்டத்தொழிலாளிகள் கண்ணீரும் கவலையுமாய், சாப்பாட்டிற்கு வழியில்லாமல், குழந்தைகளை படிக்க வைக்க முடியாமல், வீடு கட்ட முடியாமல், அநேக பல கஷ்டங்களையும், இன்னல்களையும் அனுபவித்துக் கொண்டிருக்கூடிய இந்த காலயளவில், நம்முடைய அரசாங்கம் இதற்காக பல நல்ல திட்டங்களை நம்முடைய மதிப்பிற்குரிய முதலமைச்சர் அவர்கள் இடைப்பட்டு..... சார், இது முக்கிய பிரச்சனை.....

இந்த தேயிலை விலை வீழ்ச்சிக்கு காரணம் என்ன? WTO-யுமாய் என்ன பந்தம்? என்ன இடபடல் என்பது பற்றி மதிப்பிற்குரிய மெம்பருக்கு தெரியும். அதைப்பற்றி ஒரு சரியான விளக்கம் கொடுப்பதற்கு மதிப்பிற்குரிய மெம்பர் தயார் ஆகுவீர்களா?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള: ഞാനൊരു മുദ്രാവാക്യം ഇവിടെ പറയുകയാണ്. "അണ്ടാകുണ്ട അടകുവച്ച് കെട്ടുതാലി പണയംവച്ച് തേയില നട്ട നാട്ടാരെ നീലഗിരി മക്കൾ മുട്ടാളാ" എന്ന മുദ്രാവാക്യം കേട്ട ആളാണ് ഞാൻ. കാരണം കെട്ടുതാലി പണയംവച്ച് തേയില നട്ട നീലഗിരിക്കാരുടെ ദുഃഖങ്ങൾ അവിടത്തെ സർവ്വകക്ഷികളും ഉയർത്തിപ്പിടിച്ച ഒരു ജാഥ കണ്ട ആളാണ് ഞാൻ. അവിടത്തെ മുദ്രാവാക്യം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. അതുപോലെ മണി പറഞ്ഞ കാര്യം വളരെ ശ്രദ്ധേയമാണ്. എന്റെ നിയോജകമണ്ഡലത്തിലും തേയില കൃഷിയുണ്ട്. ബഹുമാനപ്പെട്ട മണി തമിഴ് സംസാരിച്ചപോലെ ഞാൻ സംസാരിച്ചാൽ ചെന്തമിഴാകില്ല, മലയാളമാകില്ല. ഞാൻ ഇംഗ്ലീഷ് സംസാരിക്കുമ്പോൾ മംഗ്ലീഷ് ആകുന്നതുപോലെതന്നെ. അതുകൊണ്ട് ഞാനത് പറയാൻ ആഗ്രഹിക്കുന്നില്ല മണിയുടെ ഭാഷ മണി പറഞ്ഞു. സ്വാഭാവികമായും മണി പറഞ്ഞത് വളരെ ശരിയാണ്. തേയില തോട്ടങ്ങളിലുള്ളവരുടെ ജീവിത നിലവാരം വളരെ മോശമാണ്. അതുകൊണ്ട് എനിക്കൊരു ബദൽ നിർദ്ദേശം പറയാനുള്ളത്, കേരളത്തിലെ തേയിലയുടെ ഗുണനിലവാരം മോശമാണെന്നാണ് മൊത്തത്തിലുള്ള ഒരു പ്രചരണം. അതുപോലെതന്നെ തേയിലയെ തകർച്ചയിൽ നിന്ന് രക്ഷിക്കാൻ കേരളത്തിലെ തേയിലത്തോട്ടങ്ങൾ നവീകരിക്കണം. അതുപോലെതന്നെ ഹെർബലായ തേയില പ്രത്യേകമായി ഉൽപ്പാദിപ്പിച്ച് കേരളത്തിന്റേതായ ഒരു പ്രോജക്ട് ലോക വിപണിയിൽ കൊണ്ടുവരിക എന്നതാണ് മണി പറഞ്ഞതിന് പരിഹാരം. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഞാൻ ഒന്ന്, രണ്ട് കാര്യങ്ങൾ മാത്രമാണ് പറയുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ആയുർവേദത്തിൽ ഉപയോഗിക്കുന്ന കീഴാർനെല്ലി, നെല്ലിക്ക അതുപോലെതന്നെ നമ്മുടെ ദശമൂലങ്ങൾ ഇതിനൊക്കെ വിദേശികൾ വന്ന് പേറ്റന്റ് എടുത്തിരിക്കുകയാണ്. ഇനി വരുന്നത് കർക്കിടകമാണ്. കഷായക്കഞ്ഞിക്ക് സമയമാണ്. ഉഴിച്ചിലിന് പറ്റിയതാണ്, അതുപോലെതന്നെ പിഴിച്ചിലിന് പറ്റിയതാണ്. നമ്മൾ കുറച്ചു സമയം നമ്മുടെ ആരോഗ്യ രക്ഷയ്ക്കുവേണ്ടി നീക്കിവച്ചിരുന്നുവെങ്കിൽ ഒരുപാട് കാര്യങ്ങൾ നമ്മുടെ ശരീരത്തിന് ഗുണപ്രദമായി മാറുമായിരുന്നു. പക്ഷേ ഇതിന്റെ ഗുണങ്ങളൊക്കെ പറയുക എന്നല്ലാതെ ആരും ഇത് അനുഭവിക്കാൻ തയ്യാറല്ല. ഈ സാഹചര്യത്തിൽ ഇതടക്കം വിദേശികൾ മനസ്സിലാക്കി ഇതിന്റെ പേറ്റന്റ് നേടാൻ തയ്യാറായിരിക്കുകയാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ ഗവൺമെന്റ് ഇതിനൊക്കെ പരിഹാരം കാണാൻ സ്വാമിനാഥൻ കമ്മീഷനെ വച്ചു. കുറേ കാര്യങ്ങളുണ്ടായി. ഇനി വേണ്ടത് കേരള ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ കേരളത്തിൽ ഇംപ്ലിമെന്റ് ചെയ്യാൻ ഒരു follow up work ഉണ്ടാകണം എന്നതാണ്. അങ്ങനെ follow up work തുടങ്ങിയാൽ തീർച്ചയായും കേരളത്തെ സംബന്ധിച്ചിടത്തോളം ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഞാൻ നേരത്തേ സൂചിപ്പിച്ചു, മലബാറിലെ കുരുമുളക് കയറ്റുമതി ചെയ്യാനുള്ള പ്രത്യേകമായ സംവിധാനങ്ങൾ ഉണ്ടാകണം. അതുപോലെതന്നെ ആയുർവ്വേദ മരുന്നുകളെക്കുറിച്ച് ഇനിയും ലോക അടിസ്ഥാനത്തിൽ വമ്പിച്ച പ്രചരണം ഉണ്ടാകണം. ആയുർവ്വേദം മാത്രം കൊടുക്കുന്ന രീതിയിലുള്ള കാര്യങ്ങൾ കേരളത്തിലുണ്ടാകണം. അങ്ങനെ കേരളത്തെ സംബന്ധിച്ചിടത്തോളം ഈ സ്വാമിനാഥൻ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ കേരളത്തിൽ ഈ ഡബ്ലിയു. ടി.ഒ. കരാറും അതുപോലെ ആഗോളവൽക്കരണവും ഉദാരവൽക്കരണവുമൊക്കെ ഉണ്ടാക്കിയ പരിക്ക് മാറ്റുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

നേതൃത്വത്തിൽ, കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തണം. ഇവിടെ മാറ്റം ഉണ്ടായിട്ടുണ്ട്. പ്രശ്നങ്ങൾ ഉണ്ടായാൽ അതിന് കേന്ദ്രത്തെ കുറ്റപ്പെടുത്തുന്ന ഒരു സാഹചര്യം കേരളത്തിലുണ്ടായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അനാസ്ഥയുണ്ട്. അതിൽ കുറ്റപ്പെടുത്തണം. അതോടൊപ്പം ആവശ്യങ്ങൾ നേടുന്നതിനായി ശക്തമായ സമ്മർദ്ദം ചെലുത്തുകയും വേണം. ഓരോ വ്യക്തിയും അയാളുടെ കടമ നിർവ്വഹിക്കണം. പക്ഷേ കേന്ദ്രം നല്ലത് ചെയ്യുമ്പോൾ ആ നല്ലതിനോട് കൂടി സഹകരിച്ച് കേന്ദ്രത്തിൽ പോയി കേരളത്തിന്റെ വളർച്ചയ്ക്കാവശ്യമായ കാര്യങ്ങൾ പരമാവധി നേടിയെടുക്കുകയും ചെയ്യണം. കേരളത്തിൽ ഒന്നേ മുക്കാൽ രൂപയുണ്ടായിരുന്ന തേങ്ങയ്ക്ക് ഇപ്പോൾ വില 10 രൂപയായി. 22 രൂപയുണ്ടായിരുന്ന റബ്ബറിന്റെ വില നാൽപ്പത്തിയഞ്ചിന് അപ്പുറം പോയി. അതുപോലെത്തന്നെ ഏലത്തിന്റെ വില sustainable ആയി നിലനിൽക്കുന്നു. കുരുമുളകിന്റെ വില മാത്രമാണ് മെച്ചപ്പെടാത്തത്. കുറേ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ തൊഴിലുണ്ടായിട്ടുണ്ട്. ഈ ഗുണഫലങ്ങൾ ഒന്നുകൂടി നിലനിർത്താൻ, പോരായ്മകൾ പഠിച്ച് ആത്മവിമർശനവും സ്വയംവിമർശനവുമായി മുന്നോട്ട് പോയാൽ കേരളത്തെ സാമ്പത്തിക തകർച്ചയിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിയും എന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഈ പ്രമേയം സഭ ഏകകണ്ഠമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ച് സഭ വിശദമായ ഒരു ചർച്ച നടത്തിക്കഴിഞ്ഞിരിക്കുകയാണ്. ഈ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ് സഭ ചർച്ച ചെയ്യണമെന്ന അഭിപ്രായം ഉയർന്നുവന്നത്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ദിവസം കൃഷിമന്ത്രി സംസ്ഥാന ഗവൺമെന്റ് ഇതുസംബന്ധിച്ച് കമ്മീഷൻ റിപ്പോർട്ടിലുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിക്കുന്ന നടപടികളെക്കുറിച്ചും കേന്ദ്രത്തിൽ ഇത് സമർപ്പിക്കുന്നതിനെ കുറിച്ചുമെല്ലാം വിശദമായ ഒരു മറുപടി പറഞ്ഞതുകൊണ്ട് ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രയാർ ഗോപാലകൃഷ്ണൻ അവതരിപ്പിച്ച ഈ പ്രമേയം കേരളത്തിലെ കാർഷിക മേഖലയിൽ വളരെയധികം ഉണർവും ഉന്മേഷവും ഉണ്ടാക്കുമെന്ന് എനിക്ക് പൂർണ്ണ വിശ്വാസമുണ്ട്. ഇന്നലെ കേരളത്തിലെ ഒരു പ്രമുഖ പത്രമായ 'മലയാള മനോരമ' ഇതുസംബന്ധിച്ച് "സ്വാമിനാഥൻ റിപ്പോർട്ട് കേരളം ഉറങ്ങി" എന്ന ഹെഡ്ഡിംഗിൽ എഴുതിയ മുഖപ്രസംഗത്തിന്റെ അവസാന വാചകം, "വിപണിയറിഞ്ഞ് കൃഷി ചെയ്യാനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് മത്സരക്കരുത്ത് നേടാനും ഡോക്ടർ സ്വാമിനാഥൻ നമ്മെ ഉപദേശിക്കുന്നു." കർഷകന്റെ മത്സരക്കരുത്ത് ഉയർത്താനും സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും പുരോഗമനപരമായ നയങ്ങൾ നടപ്പിലാക്കാനും സംസ്ഥാന സർക്കാരാണ് മുന്നിട്ട് ഇറങ്ങേണ്ടതെന്ന് അതിൽ എഴുതിയിട്ടുണ്ട്. ആ ലക്ഷ്യം മുൻനിറുത്തിക്കൊണ്ടുതന്നെ ഗവൺമെന്റ് ചില നടപടികൾ സ്വീകരിച്ച് മുന്നോട്ട് നീങ്ങുകയാണ്. ഡബ്ലിയു.ടി.ഒ. നിലവിൽ വന്നതിനുശേഷം A fair and equitable system of global trade അംഗരാജ്യങ്ങൾക്കിടയിൽ സൃഷ്ടിക്കുക എന്നുള്ളതാണ് ഡബ്ലിയു.ടി.ഒ.-യുടെ പ്രധാന ലക്ഷ്യം. അത് ഇതുവരെ നടന്നിട്ടില്ല എന്നുള്ളത് എല്ലാവരും അംഗീകരിക്കുന്ന ഒരു കാര്യമാണ്. ഇന്ത്യയെപ്പോലെ വികസ്വര രാജ്യങ്ങൾ ഡബ്ലിയു.ടി.ഒ.-യുടെ വലയത്തിനകത്ത് നിന്നുകൊണ്ടുതന്നെ പ്രതികൂല സാഹചര്യങ്ങളെ പ്രതിരോധിക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ഗുണപരമായിട്ടുള്ള അതിന്റെ അംശങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ആഭ്യന്തര വിപണി ശക്തിപ്പെടുത്താനും യത്നിക്കുകയാണ്. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേക്കാളും ആഭ്യന്തര ആഗോള വിപണിയിലെ മാറ്റങ്ങൾ വളരെ പ്രകടമായി പ്രതിഫലിക്കുന്നത് കേരളത്തിലാണ്. കേരളത്തിന്റെ കാർഷികോൽപ്പന്നങ്ങളുടെ 80 ശതമാനത്തിലേറെയും ദേശീയവും അന്തർദേശീയവുമായ വിപണിയെയാണ് ആശ്രയിക്കുന്നത്. ഇന്ത്യയിലെ തോട്ടവിളകളുടെ 45 ശതമാനവും കേരളത്തിൽ നിന്നാണ്. ഇത് 4 ലക്ഷം പേർക്ക് നിത്യവും തൊഴിൽ നൽകുകയാണ്. ജനസംഖ്യയുടെ 20 ശതമാനത്തോളം നിത്യജീവിതത്തിന് തോട്ടവിളകളെയാണ് ആശ്രയിക്കുന്നത്. നെല്ല്, മരച്ചീനി, വാഴ, പയർ, കാപ്പി, തേയില, ഏലം, അടയ്ക്ക, കശുവണ്ടി, കുരുമുളക്, നാളികേരം എന്നിവയാണ് കേരളത്തിന്റെ കാർഷിക മേഖലയിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നത്. റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ ഉത്പ്പാദനത്തിലും ഇന്ത്യയിൽ നിർണ്ണായക സ്ഥാനം കേരളത്തിനുണ്ട്. അന്തർദേശീയ വിപണിയിൽ പ്രിയംകരമായിട്ടുള്ള സമുദ്ര ഉത്പ്പന്നങ്ങൾക്കും നമ്മൾ മുൻപന്തിയിലാണ്. WTO-യുടെ ഭാഗമായി വന്ന Agreement on Agriculture, (A.O.A.) കേരളത്തിലെ കാർഷിക ഉത്പ്പന്നങ്ങളെ വളരെ പ്രതികൂലമായി ബാധിച്ചു. ഇതിന്റെ ഫലമായി കാർഷിക ഉത്പ്പന്നങ്ങളുടെ വിലയിൽ മുന്നേങ്ങും ഇല്ലാത്ത വിധയിടിവാണ് ഉണ്ടായിട്ടുള്ളത്. ഇതിന്റെ തിക്ത ഫലം അനുഭവിച്ചതും നാമമാത്രവും ഇടത്തരവുമായ വിഭാഗത്തിൽപ്പെടുന്ന ഗ്രാമീണ കൃഷിക്കാരാണ്. ഇത് നമ്മുടെ ഗ്രാമീണ സമ്പദ്വ്യവസ്ഥയെത്തന്നെ തകിടം മറിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള പ്രതിവിധികൾ പഠിച്ചിട്ട് നിർദ്ദേശിക്കുവാൻ സംസ്ഥാന സർക്കാർ നിയോഗിച്ച ഡോ. എം. എസ്. സ്വാമിനാഥൻ ചെയർമാനായിട്ടുള്ള കമ്മീഷൻ sustainable Agricultural Trade Security System സൃഷ്ടിച്ചെടുക്കുവാൻ സംസ്ഥാനത്തിനെ എങ്ങനെ സഹായിക്കാം എന്നുള്ളതു സംബന്ധിച്ച ശുപാർശകളാണ് കമ്മീഷൻ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. തൊഴിലില്ലായ്മ, കാർഷിക ഉത്പ്പാദന തകർച്ച തുടങ്ങിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന കർമ്മ പരിപാടികൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് കാർഷികോത്പ്പാദന മേഖലയെയും കാർഷിക സമ്പത് വ്യവസ്ഥയെയും ശക്തിപ്പെടുത്തുവാനുള്ള ശ്രമകരങ്ങളായ പ്രവർത്തനങ്ങളാണ് പ്രഖ്യാപിച്ചത്.

<u>ശ്രീ. എ. കെ. മണി:</u> ഡോ. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് വരുന്നതിന് മുമ്പുണ്ടായിരുന്ന പ്രതിസന്ധി തേയിലത്തോട്ടങ്ങളിൽ അതിനിടയ്ക്കുള്ള കാലഘട്ടങ്ങളിൽ, ഈ രണ്ടു വർഷം കൂടുതലായിരുന്നു. സ്വാമിനാഥൻ കമ്മീഷന്റെ അന്നത്തെ റിപ്പോർട്ടും രണ്ടു വർഷങ്ങൾക്കുശേഷം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിയും തമ്മിൽ ഒരുപാട് വ്യത്യാസമുണ്ട്. അതുംകൂടി കണക്കിലെടുത്തുകൊണ്ട് പരിഹാരം കാണാൻ ഗവൺമെന്റ് ശ്രമിക്കുമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> അതുംകൂടി കണക്കിലെടുത്തുകൊണ്ട് കേരള ഗവൺമെന്റ് ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സൗകര്യങ്ങളാണ് ഇതിനകം ചെയ്തിട്ടുള്ളത്. ഈ കമ്മീഷൻ റിപ്പോർട്ടിന്റെ ശുപാർശകൾ പരിശോധിച്ച് നടപടികൾ നിർദ്ദേശിക്കുന്നതിന്, മോണിറ്റർ ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ച് സിറ്റിംഗ് നടത്തി. തോട്ടം മേഖലയ്ക്ക് ആശ്വാസം നൽകുന്നതിനായി നികുതി, എക്സൈസ് ഡ്യൂട്ടി ഇളവുകൾ അനുവദിച്ച് കൃഷിയുടെ ചെലവ്

LIBRARY ARCHIVES Kerala Legislative Assembly

കുറച്ച് ഉത്പ്പാദനക്ഷമത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതികളെല്ലാം ആവിഷ്ക്കരിച്ചിട്ടുള്ളത്. Biodiversity Board ആവിഷ്ക്കരിച്ച് കാർഷിക വ്യാപാരത്തിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കി പരിശോധിച്ചു വരുന്നു. ഇതിനായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ നൂറു ലക്ഷം രൂപ വകയിരുത്തി നാളികേര വികസനം സംബന്ധിച്ച ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന നാളികേര വികസന ബോർഡ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. രോഗം ബാധിച്ച തെങ്ങുകൾ വെട്ടി മാറ്റി രോഗ പ്രതിരോധ ശക്തിയുള്ള തെങ്ങിനങ്ങൾ വച്ചുപിടിപ്പിക്കുന്ന ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകി. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെയും ധനകാര്യ സ്ഥാപനങ്ങളുടെയും സഹായം നേടാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. ഔഷധ സസ്യവികസനത്തിനും വ്യാപനത്തിനും Herbal Bio Valley സൈലന്റ്വാലി മുതൽ വയനാട് വരെയുള്ള സ്ഥലത്ത് സ്ഥാപിക്കുന്നതിനായി പത്തു ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ കൃഷി ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വണ്ടിപ്പെരിയാർ, പൊക്കാളി പ്രദേശം ഒരു ജൈവ കൃഷി പ്രദേശം ആക്കാനും ആ പ്രദേശത്ത് ജൈവ നെൽക്കൃഷി പ്രോത്സാഹിപ്പിക്കുവാനും നടപടി എടുത്തുവരുന്നു. ദേശീയ ജൈവ കാർഷിക ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ സ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടുതൽ വിളകൾ ദേശീയ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്രത്തിന് കൃഷിമന്ത്രി കത്ത് അയച്ചിട്ടുണ്ട്. പ്രധാന വിളകളുടെ ഉത്പ്പാദനവും ഉത്പ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ജൈവ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികൾ ഡോ. ചോപ്ര കമ്മിറ്റി തയ്യാറാക്കി നൽകിയത് ഗവൺമെന്റ് പരിശോധിച്ചു വരികയാണ്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാർഷിക മേഖലയെ സംബന്ധിച്ച് ആഭ്യന്തരഗോളാന്തര വിവരങ്ങൾ അപ്പോഴപ്പോൾ കാർഷിക ഭവനുകളിൽ എത്തിക്കുന്നതിനായി 'കിസാൻ' എന്ന പദ്ധതി കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടെയും ടെക്നോ പാർക്കിൽ പ്രവർത്തിക്കുന്ന ഐ.ഐ.ഐ.ടി.എം.കെ.-യുടെയും, സംയുക്ത ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ ആരംഭിച്ചു. കൃഷിക്കാർക്ക് അവരുടെ ഭൂമിക്കും കാലാവസ്ഥയ്ക്കും അനുയോജ്യമായ കൃഷി തെരഞ്ഞെടുക്കുവാൻ സഹായിക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ സോയിൽ മാപ് തയ്യാറാക്കുവാൻ കൃഷി വകുപ്പിന്റെയും ഭൂവിനിയോഗ ബോർഡിന്റെയും സോയിൽ സർവ്വെ വിഭാഗത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടപടികൾ സ്വീകരിക്കുകയും കേന്ദ്രതലത്തിൽ ശുപാർശകൾക്കുമേൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ബന്ധപ്പെട്ട മന്ത്രിമാർക്ക് ഇതുസംബന്ധിച്ച് കൃഷിമന്ത്രി കത്തുകൾ അയച്ചു. കയറും റബ്ബറും കാർഷിക ഉത്പ്പന്നങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുക, കാപ്പി, തേയില, പാമോയിൽ തുടങ്ങിയവയുടെ ഇറക്കുമതി തീരുവയ്ക്ക് ഡബ്ലിയു.ടി. നിർബന്ധിത നിരക്കുകൾ ഏർപ്പെടുത്തുക, തോട്ടം മേഖലയിൽ തൊഴിൽ സ്ഥിരത ഉണ്ടാക്കുക, വേതനത്തിന്റെ ഒരു ഭാഗം ഭക്ഷ്യധാന്യമായി നൽകുന്നതിന് ഗ്രാമീണ സമ്പൂർണ്ണ റോസ്ഗാർ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി ധാന്യം അനുവദിക്കുക, ജൈവ കൃഷി ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്ത് സ്ഥാപിക്കുക, പ്രധാനപ്പെട്ട വിളകൾ ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക മുതലായ ആവശ്യങ്ങളാണ് കേന്ദ്രത്തിൽ ഉന്നയിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

താഴെപ്പറയുന്ന പ്രധാന ശുപാർശകൾക്ക് മേൽനടപടി സ്വീകരിച്ചുവരുന്നു. കാർഷിക വ്യാപനം പ്രോത്സാഹിപ്പിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി കാർഷിക മേഖലയിൽ വിവിധ തുറകളിലെ വിദഗ്ദ്ധന്മാരായ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഉന്നതാധികാര സമിതിയുടെ രൂപീകരണം—ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചതാണ്. സമുദ്രോൽപ്പന്നങ്ങളുടെ ആഭ്യന്തരവും വൈദേശികവുമായ വിപണിയുടെ വിപുലീകരണത്തിനുള്ള നടപടികൾ, കേരസംസ്ക്കരണത്തിനും മറ്റുമായി ചെറുകിട കേര കർഷകരുടെ എസ്റ്റേറ്റ് രൂപീകരണം, രോഗം ബാധിച്ച തെങ്ങുകൾ നീക്കം ചെയ്ത് മുന്തിയ ഇനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുക, WTO Media Cell രൂപീകരണം, സസ്യ ശുചിത്വ നടപടികൾ ത്വരിതപ്പെടുത്തൽ, അതിനായിട്ടുള്ള ബോധവത്ക്കരണം, സ്ത്രീകളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുവാൻ കാർഷിക സർവ്വകലാശാലയിൽ നിലവിലുള്ള കേന്ദ്രം വിപുലപ്പെടുത്തുക, സംസ്ഥാന ലാന്റ് യൂസ് ബോർഡ് പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ, കാർഷിക രംഗത്തുള്ള വൈദഗ്ദ്ധ്യവും വിജ്ഞാനവും വിപുലപ്പെടുത്തുന്നതിന് എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കാർഷിക വിജ്ഞാന കേന്ദ്രം സ്ഥാപിക്കുക, സസ്യഔഷധത്തിനും ആയുർവ്വേദത്തിനും ഇതേ മാതൃകയിൽ മറ്റൊരു കേന്ദ്രം കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽ സ്ഥാപിക്കുക, വ്യാപാര സംബന്ധമായ മൗലിക സ്വത്ത് അവകാശ സംരക്ഷണം, തോട്ടം വിളകളുടെ കാര്യത്തിൽ ബൃഹത്തായ വിളനയ രൂപീകരണം എന്നിവയാണവ. കേന്ദ്ര സർക്കാർ സ്വീകരിക്കേണ്ട നടപടികൾക്കുമേലും നയപരമായ തീരുമാനങ്ങൾ, ആവശ്യമായ ശുപാർശകൾക്കുമേലും ധനപരമായ ബാധ്യത വരാൻ സാധ്യതയുള്ള ശുപാർശകൾക്കുമേലും വിദഗ്ദ്ധ പരിശോധന ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുന്നു. അതുകൊണ്ട് ബഹുമാനപ്പെട്ട പ്രയാർ അവതരിപ്പിച്ച ഈ പ്രമേയം.....

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: സർ, ഇവിടെ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട്,ഡബ്ലിയു.ടി.ഒ. കരാർ സങ്കീർണ്ണമാണ്, പുതിയ അവകാശങ്ങളും പുതിയ സമീപനവുമൊക്കെ വരുന്നു. അതനുസരിച്ചുള്ള പുതിയ നിർദ്ദേശങ്ങൾ വരുന്നു, സൂക്ഷ്മമായി നിരീക്ഷിച്ചെങ്കിൽ മാത്രമേ നമുക്ക് ഇതിന്റെ അപകടങ്ങളെ അതിജീവിക്കുവാൻ കഴിയൂ എന്നുള്ള വസ്തുത പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിക്കണം. കാരണം പുതിയ വ്യവസ്ഥകളും പുതിയ കാര്യങ്ങളുമൊക്കെ മനസ്സിലാക്കുവാൻ വിദഗ്ദ്ധർക്കു മാത്രമേ കഴിയൂ എന്ന് ഇവിടെ പറഞ്ഞതിനകത്ത്, കാർഷിക മേഖലയെ സംബന്ധിച്ച് മുഖ്യമന്ത്രി ചെയർമാനായ ഒരു സമിതി രൂപീകരിക്കുന്നതിന് നടപടി നടന്നുവരുന്നു എന്നാണ് പറഞ്ഞത്. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ, ശുപാർശയുടെ അടിസ്ഥാനത്തിൽ ഇത് നിരീക്ഷിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുവാനുമായി വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ചുക്കൊണ്ടുള്ള സമിതി രൂപീകരിക്കുന്നതിനെക്കുറിച്ചുള്ള ഗവൺമെന്റിന്റെ തീരുമാനം എന്താണ്?

<u>ശ്രീ. എം. എം. ഹസ്സൻ</u>: ഗവൺമെന്റ് തലത്തിൽ—ചീഫ് സെക്രട്ടറിയുടെ തലത്തിലുള്ളതും മുഖ്യമന്ത്രിയുടെ തലത്തിലുള്ളതും—കൃഷിമന്ത്രിയേയും മറ്റ് വിദഗ്ദ്ധൻമാരേയും അതിനകത്ത് ഉൾപ്പെടുത്തിയാണ് തീരുമാനം എടുത്തിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ നേരത്തെ ഇവിടെ പറഞ്ഞതുപോലെ 'വിപണിയറിഞ്ഞ് കൃഷിചെയ്യാനും ഉത്പ്പാദനക്ഷമത വർദ്ധിപ്പിച്ച് മത്സരക്കരുത്ത് നേടാനും' നമ്മുടെ കൃഷിക്കാർക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

ചുമതലയും ബാധ്യതയും അവരെ ഓർമ്മപ്പെടുത്തുന്നതിനോടൊപ്പം സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കുവാനും കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്താനുമുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ് എന്നറിയിക്കുന്നു. അത് ഉൾക്കൊള്ളുന്ന ഈ പ്രമേയം അംഗീകരിച്ച് സഭയുടെ വികാരം ഗവൺമെന്റിന് ഉൾക്കൊള്ളുന്നതിന് യാതൊരു വൈമനസ്യവുമില്ല. അതുകൊണ്ട് ഈ പ്രമേയം അംഗീകരിക്കുന്നതിൽ ഗവൺമെന്റിന് സന്തോഷം മാത്രമേയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: ഗവൺമെന്റ് ഈ പ്രമേയം അംഗീകരിക്കാൻ തയ്യാറായതിൽ എനിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്. 1994-ൽ ആണ് ഡബ്ലിയു.ടി.ഒ. ഉണ്ടായത്. ആറു വർഷമായിട്ടും കഴിഞ്ഞ ഗവൺമെന്റുകളൊന്നും ഇത്തരം നടപടികൾ സ്വീകരിച്ചില്ല. ബഹുമാന്യനായ മുഖ്യമന്ത്രി മുൻകയ്യെടുത്ത് കമ്മീഷനെ നിയമിച്ചതിലും ആ കമ്മീഷൻ ഫലപ്രദമായ നിർദ്ദേശം നൽകിയതിലും പ്രമേയം ചർച്ച ചെയ്തതിലുമുള്ള സന്തോഷം അറിയിക്കുന്നു, ചാരിതാർത്ഥ്യം അറിയിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയത്തെ അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

VI. ക്രമപ്രശ്നം

ഉദ്യോഗസ്ഥന്മാർ ഗാലറിയിൽ ഹാജരില്ലാത്തത് സംബന്ധിച്ച്

ശ്രീ. കെ. കെ. ഷാജു: വെള്ളിയാഴ്ച ദിവസങ്ങളിൽ, അനൗദ്യോഗിക പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിലൂടെ, ഈ നാട്ടിലെ പൊതുവികാരം ആണ് ഈ സഭയിൽ നമ്മൾ പ്രകടിപ്പിക്കുന്നത്. ആ സമയത്ത് ഗാലറിയിൽ ഒറ്റ ഉദ്യോഗസ്ഥൻപോലുമില്ല. ഇവിടെ അവതരിപ്പിക്കുന്ന കാര്യങ്ങളെ സംബന്ധിച്ച് കേൾക്കാൻ ഒറ്റ ഉദ്യോഗസ്ഥന്മാർ പോലും ഗാലറിയിൽ ഇല്ല എന്നുള്ളതിൽ കടുത്ത പ്രതിഷേധമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇക്കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം.

ശ്രീ. കെ. കെ. ഷാജു: എല്ലാ വെള്ളിയാഴ്ചയും ഇങ്ങനെയാണ്. എന്റെ സംശയം പ്രതിപക്ഷം ഇറങ്ങിപ്പോയ കൂട്ടത്തിൽ അവരും ഇറങ്ങിപ്പോയോ എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പറഞ്ഞുകഴിഞ്ഞല്ലോ; മുഖ്യമന്ത്രി അതിനെക്കുറിച്ച് അന്വേഷിക്കും.

സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ— (തുടർച്ച)

(2) മായം ചേർക്കലും പരിസ്ഥിതിയെ ഹാനികരമായി ബാധിക്കുന്ന പ്രവർത്തനങ്ങളും തടയുന്നതിന് നിയമനിർമ്മാണം

ശ്രീ. ടി. എൻ. പ്രതാപൻ: കെ. കെ. രാമചന്ദ്രൻ മാസ്റ്റർ ചുമതലപ്പെടുത്തിയതനുസരിച്ച് താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly